Reg. No.: ..............................

Name : ..................................

I Semester M.A. Degree (CBSS – Reg./Sup./Imp.)
Examination, October 2022
(2019 Admission Onwards)
MALAYALAM LANGUAGE AND LITERATURE
MAL 1C 05 : Malayalam Literary Criticism

Time : 3 Hours | Max. Marks : 80

I. **രണ്ടു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക. (5×4=20)

1) a) ഉരിപ്പൊരുൾ, കരുപ്പൊരുൾ ഇവ എന്തെന്ന് വിശദമാക്കുക.

**അല്ലെങ്കിൽ**

b) ദ്രാവിഡകാവ്യശാസ്ത്രത്തിൽ തൊൽക്കാപ്പിയത്തിനുള്ള പ്രാധാന്യമെന്ത് ?

2) a) കാവ്യഗുണം എന്നാലെന്ത് ? പരമിളം എന്ന കാവ്യഗുണത്തെക്കുറിച്ച് ലീലാതിലകകാരന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

b) ഭാഷാകവിത എന്ന ലേഖനത്തെ മുൻനിർത്തി സി. പി. അച്യുതമേനോന്റെ വിമർശന യുക്തിയും സാഹിത്യസങ്കല്പവും വിലയിരുത്തുക.

3) a) നളിനിയിൽ ഏ. ആർ. കണ്ടെത്തുന്ന കവിതയുടെ 'പുതിയ മട്ടു'കൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

b) മനംനോക്കി പ്രസ്ഥാനത്തിന്റെ ലക്ഷണങ്ങളായി കേസരി ചൂണ്ടിക്കാട്ടുന്നതെന്തെല്ലാം ?

4) a) ലീല ഭർത്താവിനെ കൊന്നതാണെന്ന മാരാരുടെ ആരോപണത്തിന്റെ യുക്തിയെന്ത് ?

**അല്ലെങ്കിൽ**

b) ചിത്രയോഗനിരൂപണത്തെ മുൻനിർത്തി ആശാന്റെ നിരൂപണത്തിന്റെ സവിശേഷതകൾ ചൂണ്ടിക്കാട്ടുക.

P.T.O.



5) a) ഡോ. കെ. ഭാസ്കരൻ നായരുടെ കലാസങ്കല്പങ്ങൾ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

b) കെ. കെ. കൊച്ചിന്റെ ദളിത് വായനയിൽ പ്രതിഫലിക്കുന്ന സാംസ്കാരിക ചരിത്രം വിശദീകരിക്കുക.

II. **നാലു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക. (5×6=30)

6) a) ദ്രാവിഡകാവ്യശാസ്ത്ര സങ്കല്പനങ്ങളെ കാലികമായി നവീകരിക്കുന്നതിനെക്കുറിച്ച് അയ്യപ്പപ്പണിക്കർ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

b) മലയാളത്തിൽ നിരൂപണത്തിന്റെ ആവിർഭാവത്തിനും വികാസത്തിനും പത്രമാസികകൾ നൽകിയ സംഭാവനകൾ വിവരിക്കുക.

7) a) കാളിദാസൻ തന്റെ കാലഘട്ടത്തിലെ പുരുഷാധിപത്യ പ്രത്യയശാസ്ത്രവുമായി ഗൂഢാലോചനയിൽ ഏർപ്പെട്ടു എന്ന് മുണ്ടശ്ശേരി സ്ഥാപിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

b) ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് എം. പി. പോൾ നൽകിയ സംഭാവനകൾ വിവരിക്കുക.

8) a) ബാല്യഭാവനയും നവവിജ്ഞാനവും തമ്മിലുള്ള സംഘർഷമാണ് പൂതപ്പാട്ടിൽ പ്രതിഫലിക്കുന്നതെന്ന് എം. പി. ശങ്കുണ്ണിനായർ സ്ഥാപിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

b) മലയാളവിമർശനകലയെ കെ. പി. അപ്പൻ നവീകരിച്ചത് എങ്ങനെയെല്ലാം ?

9) a) ഹിഗ്വിറ്റയിലെ പ്രത്യയശാസ്ത്രസംഹിതയെ വി. സി. ശ്രീജൻ വായിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

b) നിലനിൽക്കുന്ന സ്ത്രീവിരുദ്ധസംസ്കാരത്തെയും മൂല്യസങ്കല്പങ്ങളെയും പി. ഗീത വിമർശന വിധേയമാക്കുന്നതെങ്ങനെ ? 'പെണ്മയുടെ ചിറകടി'കളെ മുൻനിർത്തി വിശദീകരിക്കുക.

10) a) ആർ. വിശ്വനാഥന്റെ 'മേഘരൂപൻ' വായനയുടെ സൈദ്ധാന്തികയുക്തി വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

b) വാക്കിന്റെ വൈരുദ്ധ്യത്തെക്കുറിച്ച് ബി. രാജീവൻ നൽകുന്ന വിശകലനങ്ങൾ എന്തെല്ലാം ?



III. **ആറുപുറത്തിൽ** കവിയാതെ ഉത്തരമെഴുതുക. (3×10=30)

11) a) പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ ആവിർഭാവവും വളർച്ചയും ആശയവ്യതിയാനങ്ങളും ചരിത്രപരമായി വിലയിരുത്തുക.

**അല്ലെങ്കിൽ**

b) സാംസ്കാരിക നവോത്ഥാനത്തിന്റെ നിയന്താവായി കേസരിയെ വിലയിരുത്തുന്നതിന്റെ അടിസ്ഥാനമെന്ത് ?

12) a) അടിയുറച്ച യുക്തിചിന്തയും സൗന്ദര്യബോധവുമാണ് മാരാരുടെ വിമർശനത്തെ മൗലികമാക്കുന്നത്. വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ആധുനിക വിമർശനത്തിന്റെ പ്രസക്തിയും പരിമിതികളെയും കുറിച്ച് ഉപന്യസിക്കുക.

13) a) വൈലോപ്പിള്ളിക്കവിതയെക്കുറിച്ച് എം. എൻ. വിജയൻ അവതരിപ്പിക്കുന്ന ഉൾക്കാഴ്ചകൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ആധുനികോത്തര സാഹിത്യസമീപനങ്ങൾ മലയാള വിമർശനത്തെ എത്രത്തോളം വൈവിധ്യവൽക്കരിച്ചു എന്നന്വേഷിക്കുക.

———————